പേജ് 20 വില 7.00

# പ്രതിച്ഛായ

www.pratichaya.com

●വാല്യം 3 ●ലക്കം 4 ● എല്ലാ ബുധനാഴ്ചയും പ്രസിദ്ധീകരിക്കുന്നു ● 14 ഒക്ടോബർ 2009

# എങ്ങു മനുഷ്യനു ചങ്ങല കൈകളിൽ.......?

**പ്രൊഫ. എം. ആർ. ചന്ദ്രശേഖരൻ**

എം.ആർ.സി. എന്ന ചുരുക്കപ്പേരിൽ സുഹൃത്തുക്കൾക്കിടയിൽ അറിയപ്പെടുന്ന പ്രൊഫ. എം.ആർ. ചന്ദ്രശേഖരൻ ദീർഘകാലം കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ നേതൃത്വത്തിലുണ്ടായിരുന്ന അനുഭവസമ്പന്നനായ സാംസ്കാരികനായകനും, കലാലയാധ്യാപകനും സാഹിത്യകാരനുമാണ്. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ വാക്കുകൾക്കു സത്യത്തിന്റെ തിളക്കവും അമർഷരോഷങ്ങളുടെ മുനമൂർച്ചയും ഉണ്ടായിരിക്കും.

*ഇനി വായിക്കുക*




ഒക്ടോബർ 2. ഗാന്ധിജയന്തി. ഗാന്ധി, ഇന്ത്യയുടെ അടിമത്തച്ചങ്ങല പൊട്ടിച്ച പ്രസ്ഥാനത്തെ നയിച്ച മഹാത്മാവ്. ഗാന്ധിജയന്തിയായി ഒക്ടോബർ 2 ആചരിക്കപ്പെടുന്നതു ഭയഭക്തി ബഹുമാനങ്ങളോടെ. ആ ദിനത്തെ ചങ്ങലദിനമാക്കി, ഒരു രാഷ്ട്രീയ കക്ഷി. മനുഷ്യച്ചങ്ങല.

"മനുഷ്യർ സ്വതന്ത്രരായിട്ടാണ് ജനിക്കുന്നത്; എന്നാൽ, അവർ എവിടെയും ചങ്ങലക്കെട്ടിലാണ്." യൂറോപ്പിൽ സ്വതന്ത്രചിന്തയുടെ അപ്പോസ്തലനായിരുന്ന റൂസ്സോവിന്റെ വാക്കുകൾ. കാസർകോട് മുതൽ തിരുവനന്തപുരം വരെ മനുഷ്യച്ചങ്ങല! നല്ല വർണപ്പളപ്പുള്ള ബാനറുകളിൽ, റോഡായ റോഡുകളിലൊക്കെ ചങ്ങലപ്രചാരണം.

ബാനറുകൾ എല്ലാം "ഫാക്ടറി മെയ്ഡ്." എന്നുവച്ചാൽ, എല്ലാം ഒരു കേന്ദ്രത്തിൽ ഉണ്ടാക്കി അയച്ചത്. എല്ലാ ബോർഡുകളും ഒരുപോലെ. അതുകൊണ്ടാണ് 'ഫാക്ടറി മെയ്ഡ്' എന്നു പറഞ്ഞത്. 'മാസ് പ്രൊഡക്ഷൻ' ഫാക്ടറീയമാകുന്നു. അതായത്, ഫാക്ടറികളിൽ നിർമിക്കുന്നത്.

>> 6

# കേരളം ഭരിക്കുന്നത് പാവപ്പെട്ടവരെ വിസ്മരിച്ച സർക്കാർ

**സി. എഫ്. തോമസ്**

തൊഴിലാളികളെയും അടിസ്ഥാനവർഗത്തെയും പാവപ്പെട്ടവരെയും വിസ്മരിച്ച സർക്കാരാണ്, കേരളം ഭരിക്കുന്നതെന്ന് കേരളാ കോൺഗ്രസ് (എം) ചെയർമാൻ സി.എഫ്.തോമസ് എം.എൽ.എ പറഞ്ഞു. ഇടതുസർക്കാരിന്റെ ഭരണപരാജയത്തിനും തൊഴിലാളിവിരുദ്ധ സമീപനങ്ങൾക്കുമെതിരെ കെ.ടി.യു.സി (എം) ആലപ്പുഴ ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച കളക്ട്രേറ്റ് ധർണ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മുദ്രാവാക്യങ്ങളിലും പ്രസംഗങ്ങളിലും മാത്രം സാധാരണക്കാരോട് ആഭിമുഖ്യവും അനുകമ്പയും പ്രകടിപ്പിക്കുന്ന സിപിഎം, കുത്തകകൾക്കും മാഫിയകൾക്കും വേണ്ടിയാണ് പ്രവർത്തിക്കുന്നത്. മൂന്നരവർഷത്തെ ഭരണത്തിൽ സംസ്ഥാന സർക്കാരിന്റേതായി ചൂണ്ടിക്കാണിക്കാൻ ഒരു നേട്ടം പോലുമില്ല.

>> 2



*ഇടതുസർക്കാരിന്റെ ഭരണപരാജയത്തിനെതിരെ കെ.ടി.യു.സി (എം) ആലപ്പുഴ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തിയ കളക്ട്രേറ്റ് ധർണ കേരളാ കോൺഗ്രസ് (എം) ചെയർമാൻ സി.എഫ്. തോമസ് എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു.*

*അനുസ്മരണം*



സിസ്റ്റർ നിവേദിത (1867–1911) 14

*മുഖപ്രസംഗം*
ചങ്ങലയ്ക്കു പിന്നിലും ചില കള്ളക്കളികൾ 2

*സമകാലികം*
ശശി തരൂർ വിവാദത്തിൽപെട്ടത് എന്തുകൊണ്ട്? 
ജോൺസൺ ജോസഫ് 3

*രാഷ്ട്രീയകേരളം*
മനുഷ്യച്ചങ്ങല എന്തിനു വേണ്ടി?
സാബു ജോൺ 4

*കാഴ്ചവട്ടം*
തെന്നിമാറുന്ന ഡോക്ടർമാർ 5
പ്രൊഫ. മാടവന ബാലകൃഷ്ണപിള്ള

*കണ്ണിനും കണ്ണാടിക്കും*
പറയാൻ മറന്ന പരിഭവങ്ങളും കേൾക്കാൻ മടിച്ച പാഠങ്ങളും
എസ്. കൃഷ്ണദാസ് 7

*ജർമൻ ഡയറി*
ജർമൻ പാർലമെണ്ട് തിരഞ്ഞെടുപ്പ് 2009
ജോർജ് കുറ്റിക്കാട്ട് 8

*വിജ്ഞാനം*
നവനാഗരികതയും നവോത്ഥാനവും
ജോസാന്റണി 9

*ഫീച്ചർ*
ഭക്ഷ്യസുരക്ഷാ സന്ദേശവുമായി ലോകഭക്ഷ്യദിനം
പ്രിൻസ് രാജ് 11

*പതിമൂന്നാം പേജ്*
നാരദൻ
മൊഴിയും മറുമൊഴിയും
ചാണക്യൻ 13

*പുനരാഖ്യാനം*
മഹാഭാരതം 15
സവ്യസാചി

അറിവിന്റെ ലോകം 17
വി.കെ. ഹരിദാസ്

ന്യൂസ് ഡയറി 19
പി.ആർ.

മറ്റു പംക്തികൾ

CYAN MAGENTA YELLOW BLACK

**പ്രതിഛായ**
രാഷ്ട്രീയ സാംസ്കാരിക വാർത്താവാരിക

വാല്യം 3 ലക്കം 4

14 ഒക്ടോബർ 2009

ചീഫ് എഡിറ്റർ: പ്രൊഫ. ഡോ.കുര്യാസ് കുമ്പളക്കുഴി

*രാഷ്ട്രീയക്കാർ അങ്ങനെയാണ്, നദിയില്ലാത്തിടത്തു പാലം പണിതുകൊടുക്കാമെന്ന് അവർ ഉറപ്പു നല്കും!*

*– ക്രൂഷ്ചോവ്*

# ചങ്ങലയ്ക്കു പിന്നിലും ചില കള്ളക്കളികൾ

മനുഷ്യച്ചങ്ങല വിജയിച്ചില്ലെന്ന് ആരും പറയില്ല. കേരളം ഭരിക്കുന്ന കക്ഷിക്ക് അത്തരമൊന്നു സംഘടിപ്പിക്കുക വളരെ എളുപ്പം. പക്ഷേ, അതു ലക്ഷ്യം നേടിയോ? ലക്ഷ്യം നേടുമോ?

ലക്ഷ്യമെന്തായിരുന്നു? അത് ഒരു മനുഷ്യച്ചങ്ങലകൊണ്ടു നേടാവുന്നതായിരുന്നോ എന്നു വേണ്ടത്ര ചിന്തിച്ചുറപ്പിച്ചിട്ടാണോ ചങ്ങല തീർത്തത്? അതല്ല, ഓരോ തവണയും ഇന്ധനവില വർധിപ്പിക്കുമ്പോൾ നടത്തുന്ന മോട്ടോർ വാഹന പണിമുടക്കുപോലെ അതൊരു ചടങ്ങുമാത്രമായിരുന്നോ?

**ലോക്സഭാതെരഞ്ഞെടുപ്പിൽ തോറ്റമ്പിയതിന്റെ നാണംതീർക്കുക, പിണറായി -അച്യുതാനന്ദബന്ധം ഒന്നു വിളക്കിച്ചേർക്കുക, അടുത്തുവരുന്ന തദ്ദേശസ്ഥാപന തെരഞ്ഞെടുപ്പിൽ ഒന്നു മുഖം മിനുക്കുക, നാടുവാഴുന്ന ഗുണ്ടകളുടെയും മാഫിയകളുടെയും കാര്യം കുറച്ചു നേരത്തേക്കെങ്കിലും ഒന്നു മറക്കുക, മാധ്യമങ്ങളിൽ ഒരു ദിവസമെങ്കിലും നിറഞ്ഞുനില്ക്കുക - ഒക്കെയല്ലേ ഗൂഢലക്ഷ്യം?**

ആസിയാൻ കരാർ റദ്ദാക്കണമെന്നതായിരുന്നല്ലോ ആവശ്യം? അതങ്ങനെ റദ്ദാക്കപ്പെടാവുന്ന ഒന്നാണോ? ആണെങ്കിൽ, അതിനൊരു മനുഷ്യച്ചങ്ങലയുടെ കുറവേ ഉണ്ടായിരുന്നുള്ളു എങ്കിൽ, സിപിഎം ഭരിക്കുന്ന ബംഗാളിൽ ചങ്ങല തീർത്തോ? ത്രിപുരയിൽ തീർത്തോ? കോൺഗ്രസിതര കക്ഷികൾ ഭരിക്കുന്ന മറ്റു സംസ്ഥാനങ്ങളിലെങ്കിലും അതു സംഘടിപ്പിക്കാൻ സിപിഎം മുന്നിട്ടിറങ്ങിയോ? അതെന്തിന്, ബംഗാളിലും കേരളത്തിലും ഭരണപങ്കാളിത്തമുള്ള മറ്റെല്ലാ കക്ഷികളെയുമെങ്കിലും ചങ്ങലയിൽ കണ്ണിചേർത്തോ? ഇല്ല.

അപ്പോൾ ചങ്ങല കർഷകർക്കു വേണ്ടിയായിരുന്നില്ല, രാജ്യതാത്പര്യസംരക്ഷണത്തിനായിരുന്നില്ല, മാർക്സിസ്റ്റു പാർട്ടിയുടെ മുഖം മിനുക്കാനുള്ള രാഷ്ട്രീയ അടവുകളിലൊന്നു മാത്രമായിരുന്നു എന്നാരോപിച്ചാൽ അതു പൂർണമായും തെറ്റാണെന്ന് അവകാശപ്പെടാനാവുമോ? രാഷ്ട്രാന്തര കരാറുകൾ ഇന്ത്യയുമായി മാത്രമല്ല, എല്ലാ രാജ്യങ്ങൾ തമ്മിലും ഒപ്പുവയ്ക്കപ്പെടാറുണ്ട്. അത്തരം കരാറുകൾ രാജ്യപുരോഗതിക്ക് അനിവാര്യമാണ്. അന്യരുടെ കമ്പോളത്തിലേക്ക് നമുക്കു കയറിച്ചെല്ലണമെങ്കിലും നമ്മുടെ കമ്പോളത്തിലേക്ക് അന്യരാഷ്ട്രങ്ങൾ കയറി വരണമെങ്കിലും ചില ധാരണകളും വ്യവസ്ഥകളും ആവശ്യമില്ലേ? നമ്മൾ നമ്മുടേതുമായി മാത്രം കഴിഞ്ഞുകൂടിയാൽ മതി എന്നു ശാഠ്യംപിടിച്ചാൽ സാമ്പത്തിക, സാങ്കേതിക, വാണിജ്യ പുരോഗതി ഏതു രാഷ്ട്രത്തിനും എളുപ്പമാകുമോ?

ആസിയാൻ കരാർ ദക്ഷിണേഷ്യയിലെ പത്തു രാഷ്ട്രങ്ങൾക്കിടയിലുള്ള സ്വതന്ത്രവ്യാപാരം ലക്ഷ്യം വയ്ക്കുന്ന വാണിജ്യകരാറാണ്. അതിൽ ഇറക്കുമതി മാത്രമല്ല കയറ്റുമതിക്കും വ്യവസ്ഥയുണ്ട്. കേരളത്തിന് ഇറക്കുമതി ചെയ്യാൻ മാത്രമേയുള്ളു എന്നാണോ? കയറ്റുമതി ചെയ്യാൻ ഒന്നുമില്ലെന്നാണോ? അങ്ങനെയൊരു നാടുണ്ടോ? മറ്റുള്ളവർക്കു വേണ്ടതൊന്നും കൊടുക്കാനില്ലാത്തവർ? നമ്മുടെ നാടിന്റെ ചരിത്രമെങ്കിലും അതല്ലല്ലൊ.

കേരളം ലോകത്തിനു മുഴുവൻ സുഗന്ധവിളകൾ സമ്മാനിച്ച സുദീർഘമായ വ്യാപാരപാരമ്പര്യത്തിന്റെ ഉടമയല്ലേ? സോളമൻ ചക്രവർത്തിയുടെ കപ്പലുകൾപോലും മലബാർ തീരത്തെത്തി നമ്മുടെ സുഗന്ധവിളകൾ ശേഖരിച്ചുകൊണ്ടുപോയിരുന്നില്ലേ? റോമാസാമ്രാജ്യം നമ്മുടെ ഏലക്കായ്ക്കും കുരുമുളകിനും വേണ്ടി ചെലവഴിച്ച സമ്പത്തെത്രയാണ്? അതൊക്കെ വാങ്ങി കൊണ്ടുപോയിക്കൊടുത്ത് അറബിവ്യാപാരികൾ ചില്ലറസമ്പത്താണോ വാരിക്കൂട്ടിയത്! നമ്മുടെ കടലിന് അറബിക്കടൽ എന്ന പേരു വന്നതുപോലും അങ്ങനെയല്ലേ? അതൊക്കെ നമുക്കു കൈമോശം വന്നതെങ്ങനെയാണ്?

ജലഗതാഗതം മാത്രമുണ്ടായിരുന്ന കാലത്ത് കടലിനോടു ചേർന്നുകിടന്ന മലകളും ആ മലകളിലെ അത്യപൂർവ ജൈവവൈവിധ്യങ്ങളും നമുക്കു പ്രകൃതിനല്കിയ മഹാനുഗ്രഹമായിരുന്നു. അതെല്ലാം നൂറ്റാണ്ടുകളിലൂടെ തിന്നുതിന്നു തീർന്നതല്ലാതെ പുതിയതൊക്കെ നട്ടുവളർത്തി കാലഘട്ടത്തിന്റെ ആവശ്യങ്ങൾ നിറവേറ്റാൻ നമുക്കെന്തേ കഴിയാതെപോയി? മഴയില്ലാഞ്ഞിട്ടോ, മണ്ണില്ലാഞ്ഞിട്ടോ, മനസ്സില്ലാഞ്ഞിട്ടോ? അവസാനം പറഞ്ഞതല്ലേ ശരി? കാർഷികമേഖലയിൽ വന്നുകൊണ്ടിരുന്ന മാറ്റങ്ങൾ യഥാവിധി കണ്ടറിയാനും, അതനുസരിച്ചു കൃഷിയുടെ വൈവിധ്യവത്ക്കരണത്തിലൂടെയും മൂല്യവർധനവിലൂടെയും കാലത്തിന്റെ വെല്ലുവിളികൾ നേരിടാൻ നമുക്കു കഴിയാതെപോയി. സമരം മാത്രം നടത്തിയവർ, ഭരണം കിട്ടിയപ്പോൾ ഭരണവും സമരവും ഒരുമിച്ചു നടത്തിയവർ അതൊന്നും ശ്രദ്ധിച്ചില്ലല്ലൊ. സൃഷ്ടിക്കാനല്ല സംഹരിക്കാനല്ലേ, നിർമിക്കാനല്ല തകർക്കാനല്ലേ ആവേശം കൂടുതൽ കാണിച്ചത്? അതിന്റെ ദുരന്തമല്ലേ നമ്മുടെ കാർഷികമേഖല ഇന്നേറ്റുവാങ്ങുന്നത്?

'ആസിയാൻ കരാർ അറബിക്കടലിൽ' എന്നു കണ്ണടച്ചു മുദ്രാവാക്യം മുഴക്കുന്നവർ ആ കരാർ മറിച്ചുനോക്കുകയെങ്കിലും ചെയ്തവരാണോ? അതിൽ കേരളത്തിനും മറ്റു സംസ്ഥാനങ്ങൾക്കും പ്രയോജനകരമായ ഒരു വ്യവസ്ഥയുമില്ലെന്നാണോ? അതാണു നിലപാടെങ്കിൽ അതു ശരിയല്ലല്ലൊ? 'കാർഷികകേരളത്തിന്റെ തകർച്ച' എന്നു കൊട്ടത്താപ്പിൽ പറയാതെ എങ്ങനെ തകർച്ച എന്നു ജനങ്ങൾക്കു വിശദീകരിച്ചു കൊടുത്തോ? അതിൽ നമുക്കു പ്രയോജനകരമായ വ്യവസ്ഥകളും ഉണ്ടെന്ന കാര്യം പറഞ്ഞു കൊടുത്തോ? 110 കോടിക്കിടയിലെ മൂന്നുകോടിയുടെ മാത്രം എതിർപ്പുകൊണ്ട്, രണ്ടോ മൂന്നോ ലക്ഷം പേരുടെ ചങ്ങലപിടുത്തം കൊണ്ട്, ആസിയാൻ കരാർ റദ്ദാകുമെന്ന് ആരെങ്കിലും പകൽക്കിനാവു കാണുമോ?

എങ്കിൽ ക്രിയാത്മകമായി വെല്ലുവിളികൾ നേരിടാനുള്ള നടപടികളല്ലേ ഉണ്ടാവേണ്ടത്? ഇന്നയിന്ന വ്യവസ്ഥകൾ ഇന്നയിന്നരീതിയിൽ ഭേദഗതി ചെയ്യണം, ഇന്നയിന്ന വിളകൾകൂടി നെഗറ്റീവ് ലിസ്റ്റിൽ പെടുത്തണം എന്നൊക്കെ വസ്തുനിഷ്ഠമായി വാദിച്ചുകൊണ്ട്, കരാറിനെതിരെ നിലപാടു സ്വീകരിക്കാൻ, അതു ബന്ധപ്പെട്ടവരെ ബോധ്യപ്പെടുത്താൻ കേരളസർക്കാർ ശ്രമം നടത്തിയോ? പ്രസ്താവനകൾ കൊണ്ടുമാത്രം കർഷകക്ഷേമം ഉറപ്പാക്കുവാൻ കഴിയുമെന്നാണോ കരുതുന്നത്?

ഗാട്ടു കരാർ, അന്താരാഷ്ട്ര വ്യാപാരകരാർ, ആണവകരാർ, ലോകബാങ്കുവായ്പകൾ, ഏഷ്യൻ ബാങ്കുവായ്പകൾ, കമ്പ്യൂട്ടർ, കാർഷികയന്ത്രങ്ങൾ ഇവയ്ക്കെതിരെയൊക്കെ സമരം ചെയ്തു നാടിന്റെ വികസനം തങ്ങളാലാവതു തടസ്സപ്പെടുത്തുകയും പിന്നീട് അതെല്ലാം യാഥാർത്ഥ്യമായപ്പോൾ ഒരു സങ്കോചവുമില്ലാതെ അതിന്റെയെല്ലാം ആദ്യ ഗുണഭോക്താക്കളായി മാറുകയും ചെയ്ത ചരിത്രമാണു കേരളത്തിലെ സിപിഎമ്മിന്റേത്. അതെല്ലാം രാഷ്ട്രീയക്കളികൾ മാത്രമായിരുന്നു. അത്തരത്തിലൊരു പുതിയ കളി - അതല്ലേ, മനുഷ്യച്ചങ്ങല?

ലോക്സഭാതെരഞ്ഞെടുപ്പിൽ തോറ്റമ്പിയതിന്റെ നാണംതീർക്കുക, പിണറായി -അച്യുതാനന്ദബന്ധം ഒന്നു വിളക്കിച്ചേർക്കുക, അടുത്തുവരുന്ന തദ്ദേശസ്ഥാപന തെരഞ്ഞെടുപ്പിൽ ഒന്നു മുഖം മിനുക്കുക, നാടുവാഴുന്ന ഗുണ്ടകളുടെയും മാഫിയകളുടെയും കാര്യം കുറച്ചു നേരത്തേക്കെങ്കിലും ഒന്നു മറക്കുക, മാധ്യമങ്ങളിൽ ഒരു ദിവസമെങ്കിലും നിറഞ്ഞുനില്ക്കുക - ഒക്കെയല്ലേ ഗൂഢലക്ഷ്യം?

കഷ്ടം, അതിനു രാഷ്ട്രപിതാവിന്റെ ജന്മദിനം തന്നെ തെരഞ്ഞെടുത്ത് നന്ദികേടിന്റെ ചരിത്രം ഒരിക്കൽകൂടി ആവർത്തിച്ച്, കേരളജനതയെ ദേശീയ-അന്താരാഷ്ട്രതലങ്ങളിൽ നാണംകെടുത്താൻ കൂടിയായിപ്പോയല്ലൊ മനുഷ്യച്ചങ്ങല!

## പ്രതികരണങ്ങൾ

*പ്രിയ സുഹൃത്തേ,*

പ്രതിച്ഛായയുടെ കനത്ത ഓണപ്പതിപ്പു കിട്ടി. സന്തോഷം.

ഓണത്തിന് ഇറങ്ങിയ പല വിശേഷാൽ പ്രതികളും കണ്ടു. പ്രതിച്ഛായ അതിൽ തനതായ വ്യക്തിത്വം പുലർത്തിയിട്ടുണ്ട്.

വാരിക മുടങ്ങാതെ കിട്ടുന്നുണ്ട്. ഇപ്പോൾ മിക്ക പ്രസിദ്ധീകരണങ്ങളും ചരിത്രത്തിനും വിജ്ഞാനശാഖകൾക്കും വേണ്ടത്ര പ്രാധാന്യം കൊടുത്ത് കാണാറില്ല. ഈ രണ്ടു കാര്യങ്ങളിലും പ്രതിച്ഛായ മാതൃകയാണ്.

എന്റെ സഹകരണം എപ്പോഴും ഉണ്ടാകും.

**വേലായുധൻ പണിക്കശ്ശേരി**

## കായംകുളം ഫിഷിംഗ് ഹാർബർ അടിയന്തിരമായി പ്രവർത്തനയോഗ്യമാക്കണം

സുനാമി ഏരിയയായ കായംകുളം മത്സ്യബന്ധന തുറമുഖത്തിന്റെ പണി മൂന്നു വർഷങ്ങൾക്കുമുമ്പ് പൂർത്തിയാക്കി. ഉദ്ഘാടനം കഴിഞ്ഞിട്ട് ഒരു വർഷമായി. പക്ഷേ ഇതുവരെ മത്സ്യത്തൊഴിലാളികൾക്ക് ഈ തുറമുഖത്ത് വള്ളം, ബോട്ട് മുതലായവ അടുപ്പിച്ച് മത്സ്യം ലേലം ചെയ്യാൻ സാധിച്ചിട്ടില്ല. കാരണം അഴിയിൽ കാലാകാലങ്ങളിൽ മൺതിട്ടയുണ്ടാകുന്നതാണ്.

ഈ മൺതിട്ട ഹാർബർ എൻജിനീയറിംഗ് കുറച്ച് ഡ്രഡ്ജു ചെയ്ത് മണ്ണ് അഴിയുടെ തെക്കേക്കരയിൽ കൂട്ടി. അത് ചവറ കേരളാ മിനറൽസ് ആൻഡ് മെറ്റൽസ് കുറച്ചുമാറ്റിയെടുത്ത് കമ്പനി പ്രവർത്തിപ്പിച്ചുവന്നു. ബാക്കി മണ്ണ് എടുത്തുമാറ്റുകയും അഴിയിൽ ഡ്രഡ്ജിംഗ് നടത്തി ആഴം ഉണ്ടാക്കുകയും ചെയ്യണം.

ഇല്ലെങ്കിൽ മത്സ്യത്തൊഴിലാളികൾക്ക് അവരുടെ വള്ളവും ബോട്ടുമായി മത്സ്യബന്ധനംനടത്താൻ കഴിയില്ല. അല്ലാത്തപക്ഷം ബോട്ടുകളും വള്ളങ്ങളും മൺതിട്ടയിൽ തട്ടി മറിയുകയും മത്സ്യത്തൊഴിലാളികൾ അപകടത്തിൽപ്പെടുകയും ചെയ്യാനിടയാക്കും. അതിനാൽ അഴി വേഗം ഡ്ജിംഗ് നടത്തി ആഴം ഉണ്ടാക്കുകയും, ആ മണ്ണ് നീക്കം ചെയ്യാൻ ചവറ കെ.എം.എം.എൽ കമ്പനിക്കാരോട് ആവശ്യപ്പെടുകയും ചെയ്യേണ്ടതാണ്. ഈ പ്രശ്നത്തിൽ സംസ്ഥാന സർക്കാർ അടിയന്തരമായി ഇടപെടണം.

**എം.മുത്തുകൃഷ്ണൻ**

*ആലപ്പാട്ട് മണ്ഡലം പ്രസിഡണ്ട്*

*കേരളാ കോൺഗ്രസ് (എം)*

## കേരളം ഭരിക്കുന്നത് പാവപ്പെട്ടവരെ വിസ്മരിച്ച സർക്കാർ

1 >>

വികസനപ്രവർത്തനങ്ങൾ പൂർണമായും നിലച്ചിരിക്കുന്നു. ജനങ്ങളുടെ അടിയന്തിര പ്രശ്നങ്ങൾക്കുപോലും പരിഹാരം അനന്തമായി നീളുന്നു. ക്രമസമാധാനം പാടേ തകർന്നിരിക്കുന്നു.

നടുറോഡിൽ പട്ടാപ്പകൽ പോലും ക്വട്ടേഷൻ സംഘങ്ങളും അക്രമികളും കൊലവിളിയുയർത്തുന്നു.

ജനാധിപത്യത്തെയും ഭരണഘടനയെയും വെല്ലുവിളിച്ചുകൊണ്ടുള്ള ഇടതു ഭരണം കേരളത്തിന്റെ ശാപമായി മാറിയിരിക്കുന്നതായും സി.എഫ്.തോമസ് പറഞ്ഞു.

കെ.ടി.യു.സി (എം) ജില്ലാ പ്രസിഡണ്ട് തോമസ് കളരിക്കൽ അധ്യക്ഷത വഹിച്ചു.

സംസ്ഥാന പ്രസിഡണ്ട് പൗലോസ് മേനാച്ചേരി, കേരളാ കോൺഗ്രസ് (എം) ജില്ലാ പ്രസിഡണ്ട് വി.ടി.ജോസഫ്, വി.സി. ഫ്രാൻസിസ്, എ.ഉസ്മാൻ, ജിജോ തോമസ്, തോമസ് വടക്കേക്കരി, ജോസ് പുത്തേറ്റ്, എം.കോയ, കെ.എൻ.ജയറാം, കെ.ജി. മോഹനൻ, കെ.ഇക്ബാൽ, സിബിച്ചൻ കാളാശ്ശേരി, നസീർ സലാം, ക്ലീറ്റസ് വെളിയിൽ, പി.എ.അസീസ്, എന്നിവർ പ്രസംഗിച്ചു.

CYAN MAGENTA YELLOW BLACK

സമകാലികം

ജോൺസൺ ജോസഫ്

# ശശി തരൂർ വിവാദത്തിൽപെട്ടത് എന്തുകൊണ്ട്?

പഞ്ചനക്ഷത്ര വാസത്തിന്റെ പേരിൽ കേന്ദ്ര വിദേശകാര്യ സഹമന്ത്രി ശശി തരൂരിന് രൂക്ഷവിമർശനമേല്ക്കേണ്ടി വന്നത് സമീപനാളുകളിലാണ്. ദേശീയ മാധ്യമങ്ങൾ ഉൾപ്പെടെ ദിവസങ്ങളോളം ഈ വിഷയം ആഘോഷിച്ചു. യു.പി.എ സർക്കാർ ആരംഭിച്ച ചെലവുചുരുക്കൽ നടപടികളുടെ പശ്ചാത്തലത്തിലായിരുന്നു ശശി തരൂരിന്റെ പഞ്ചനക്ഷത്രവാസം ചോദ്യം ചെയ്യപ്പെട്ടത്.

ഒരാഴ്ച കഴിയും മുമ്പേ അടുത്ത വിവാദം പൊട്ടിമുളച്ചു. അതും ചെലവുചുരുക്കൽ നീക്കങ്ങളുടെ തുടർവിവാദം പോലെ തന്നെ. കമ്യൂണിറ്റി പോർട്ടലായ ടിറ്ററിൽ കൊടുത്ത മറുപടിയാണ് വിവാദത്തിനു കാരണമായത്. അടുത്ത കേരള യാത്രയിൽ കന്നുകാലി ക്ലാസ്സിലാണോ യാത്ര എന്ന ചോദ്യത്തിന് കന്നുകാലി ക്ലാസ്സിൽ തന്നെ യാത്ര എന്നു മറുപടി എഴുതിയതാണ് വിവാദമായത്.

വിമാനത്തിലെ ഇക്കോണമി ക്ലാസ്സ് യാത്രയെ കന്നുകാലി ക്ലാസ്സ് യാത്ര എന്നു വിശേഷിപ്പിക്കുന്നത് ആ ക്ലാസ്സിൽ യാത്ര ചെയ്യുന്നവരെ കന്നുകാലികളെന്നു വിളിച്ച് ആക്ഷേപിക്കുന്നതിനു തുല്യമല്ലേയെന്നായിരുന്നു ചോദ്യം. ദേശീയ മാധ്യമങ്ങൾ വരെ കൊട്ടിഘോഷിക്കുന്ന വിവാദമായി ദിവസങ്ങളോളം ഈ വിഷയം നിറഞ്ഞു നിന്നപ്പോൾ സ്വാഭാവികമായും ചില സംശയങ്ങൾ ഉയരുകയാണ്.

ഡൽഹിയിൽ ജനപ്രതിനിധികളുടെ പഞ്ചനക്ഷത്രവാസം അത്ര പുതുമയല്ലെന്നാണ് ഇപ്പോൾ ചില മാധ്യമങ്ങളിലൂടെ പുറത്തുവന്നിരിക്കുന്നത്. എഴുപത്തിമൂന്ന് എംപിമാർ ഇങ്ങനെ താമസിക്കുന്നുണ്ടത്രെ. ഇതൊന്നും വാർത്തയായില്ല. ഇപ്പോഴും അവർ അങ്ങനെ തന്നെ താമസിക്കുകയാണോ എന്നും മാധ്യമങ്ങൾ അന്വേഷിച്ചു കണ്ടില്ല!

തൊട്ടുപിന്നാലെയാണ് കന്നുകാലി ക്ലാസ്സ് വിവാദമുണ്ടായത്. ഇംഗ്ലീഷ് ഭാഷയിൽ സാധാരണയായി ഉപയോഗിക്കുന്ന ഒരു പ്രയോഗം മാത്രമാണത്രെ 'കാറ്റിൽ ക്ലാസ്'. അത് ആ ഭാഷയിൽ അപമാനകരമായ പ്രയോഗമല്ല. മത്തി അടുക്കിയതു പോലെ



*ശശി തരൂർ*

എന്നു മലയാളത്തിൽ പറയുന്നതു പോലെയുള്ള ഒരു ഭാഷാപ്രയോഗം മാത്രം.

ഇംഗ്ലീഷ് ഭാഷ അറിയാവുന്നവർ തന്നെയാണ് വിവാദം കുത്തിപ്പൊക്കിയത്. ഇതിലിത്ര അപമാനകരമായി എന്താണുള്ളതെന്ന് ഈ ലേഖകന് എത്ര ആലോചിച്ചിട്ടും പിടികിട്ടുന്നില്ല. പക്ഷേ, ദിവസങ്ങളോളം നീറിക്കത്തിയ വിവാദം ഒടുവിൽ പ്രധാനമന്ത്രിയുടെ ഇടപെടലോടെയാണ് ശമിച്ചത്.

സ്വന്തം പാർട്ടിയിൽ നിന്നു പോലും ശശി തരൂരിന് രൂക്ഷവിമർശനമേല്ക്കേണ്ടി വന്നു. മന്ത്രിസ്ഥാനം രാജിവയ്ക്കണമെന്നു വരെ ആവശ്യമുയർന്നു. അതു പ്രകാരം അദ്ദേഹം രാജിവച്ചിരുന്നെങ്കിൽ ഈ രാജി എന്തിനായിരുന്നു എന്ന് ചരിത്രത്തിൽ എങ്ങനെ രേഖപ്പെടുത്തുമായിരുന്നോ എന്തോ? കുടിപ്പകയുടെ ഇരയെന്നോ, അതോ അസൂയയുടെ ബലിയാടെന്നോ?

കന്നുകാലി വിവാദം രാജ്യത്ത് കത്തിക്കയറുമ്പോൾ ശശി തരൂർ ഇന്ത്യയിലില്ലായിരുന്നു. അദ്ദേഹം ആഫ്രിക്കൻ പര്യടനത്തിലായിരുന്നു എന്നാണ് മാധ്യമറിപ്പോർട്ടുകളിൽ നിന്നു മനസ്സിലായത്. എന്നാൽ ആഫ്രിക്കയിൽ എന്തിനു പോയി എന്ന് ഒരു ദേശീയ മാധ്യമവും അന്വേഷിച്ചു കണ്ടില്ല.

ശശി തരൂരിന്റെ ആഫ്രിക്കൻ സന്ദർശനം ഔദ്യോഗിക യാത്രയായിരുന്നു. മുപ്പത്താറു വർഷത്തിനു ശേഷം ഒരു ഇന്ത്യൻ വിദേശകാര്യ മന്ത്രി നടത്തിയ ആദ്യ സന്ദർശനമായിരുന്നത്രെ ഇത്. ലൈബീരിയ, ഘാന തുടങ്ങിയ രാജ്യങ്ങളിലേക്കു നടത്തിയ യാത്ര

**ശശി തരൂരിന്റെ ആഫ്രിക്കൻ സന്ദർശനം ചൈനയിലെ മാധ്യമങ്ങളിൽ വാർത്തയായിരുന്നു. ഇന്ത്യ ഈ രാജ്യങ്ങളുമായി വളർത്തിയെടുക്കുന്ന ബന്ധത്തെ അവർ ഒരേ സമയം ആശങ്കയോടും ശ്രദ്ധയോടും കൂടിയാണ് നിരീക്ഷിക്കുന്നത്. എന്നാൽ രാജ്യതാത്പര്യം പരിഗണിച്ചാൽ നാഴികക്കല്ലാകുന്ന ഒരു സന്ദർശനം ഇന്ത്യയിലെ മാധ്യമങ്ങൾ എന്തുകൊണ്ടോ കണ്ടതായി നടിച്ചില്ല.**

രാഷ്ട്രീയമായും സാമ്പത്തികമായും ഏറെ തന്ത്രപ്രധാനമായിരുന്നു എന്നാണ് വിലയിരുത്തപ്പെടുന്നത്.

യുറോപ്യൻ രാജ്യങ്ങളുടെ ഭരണത്തിലായിരുന്ന ആഫ്രിക്കൻ രാജ്യങ്ങൾക്കു സ്വാതന്ത്ര്യം ലഭിച്ച ശേഷം അവരെ തന്ത്രപ്രധാന രാജ്യങ്ങളായി ലോകത്തെ പ്രമുഖ രാജ്യങ്ങൾ പൊതുവെ കണക്കാക്കിയിരുന്നില്ല. ഇന്ത്യയും അങ്ങനെ തന്നെ. അതുകൊണ്ടു തന്നെ ആ രാജ്യങ്ങളുമായി ദൃഢമായ ബന്ധം സ്ഥാപിക്കാനും ആരും അത്ര തന്നെ താത്പര്യമെടുത്തില്ല.

നയതന്ത്രബന്ധം സാമ്പത്തിക താത്പര്യങ്ങൾക്കായി ഉപയോഗിക്കുന്ന ഒരു കാലഘട്ടമാണിത്. ഇന്ത്യയെപ്പോലെ വളരെ വേഗം വികസിച്ചു കൊണ്ടിരിക്കുന്ന ഒരു രാജ്യത്തിന് അന്താരാഷ്ട്രതലത്തിൽ സാമ്പത്തികബന്ധങ്ങൾ വളർത്തിയെടുക്കേണ്ടതുണ്ട്.

ഈ ദിശയിൽ പുതിയൊരു ചുവടുവയ്പായിരുന്നു ശശി തരൂരിന്റെ ആഫ്രിക്കൻ സന്ദർശനം. ഇപ്പോൾ ആഫ്രിക്കൻ രാജ്യങ്ങളിൽ ഏറ്റവും കൂടുതൽ സാമ്പത്തിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് ചൈനയും റഷ്യയുമാണ്. സാധാരണഗതിയിൽ ലോകത്തെവിടെയും സാമ്പത്തിക മെച്ചമുണ്ടാകുന്ന ഇടപാടുകളിൽ മുമ്പന്തിയിൽ നില്ക്കാറുള്ള അമേരിക്ക പോലും ഇവിടെ പിറകിലായിപ്പോയി. എണ്ണ, ധാതുക്കൾ എന്നിവയുടെ നിക്ഷേപം ആഫ്രിക്കൻ രാജ്യങ്ങളിൽ വൻതോതിലുണ്ട്. ചൈനയും റഷ്യയും മറ്റു പല രാജ്യങ്ങളിലും ഈ മേഖലയിൽ വൻതോതിൽ മുതൽമുടക്കു നടത്തിയിട്ടുണ്ട്. ആ മേഖലകളിൽ ഏറെ സാങ്കേതിക മുന്നേറ്റം നടത്തിയിട്ടുള്ള ഇന്ത്യയെ സംബന്ധിച്ചിടത്തോളം ആഫ്രിക്കൻ രാജ്യങ്ങളുമായുള്ള ബന്ധം വളരെ പ്രധാനപ്പെട്ടതാണ്. അതിനുള്ള തുടക്കമായിരുന്നു ശശി തരൂരിന്റെ സന്ദർശനം. വൈകാതെ അദ്ദേഹം വീണ്ടും ആഫ്രിക്കൻ സന്ദർശനം നടത്തുന്നു എന്നാണ് മനസ്സിലാക്കുന്നത്.

ശശി തരൂരിന്റെ ആഫ്രിക്കൻ സന്ദർശനം ചൈനയിലെ മാധ്യമങ്ങളിൽ വാർത്തയായിരുന്നു. ഇന്ത്യ ഈ രാജ്യങ്ങളുമായി വളർത്തിയെടുക്കുന്ന ബന്ധത്തെ അവർ ഒരേ സമയം ആശങ്കയോടും ശ്രദ്ധയോടും കൂടിയാണ് നിരീക്ഷിക്കുന്നത്. എന്നാൽ രാജ്യതാത്പര്യം പരിഗണിച്ചാൽ നാഴികക്കല്ലാകുന്ന ഒരു സന്ദർശനം ഇന്ത്യയിലെ മാധ്യമങ്ങൾ എന്തുകൊണ്ടോ കണ്ടതായി നടിച്ചില്ല. മാത്രമല്ല, ഇതേ സമയം ഇല്ലാത്ത വിഷയത്തിന്റെ പേരിൽ അനാവശ്യ വിവാദം കുത്തിപ്പൊക്കുകയുംകൂടി ചെയ്തപ്പോൾ അതിന്റെ പിന്നിലെ ഉദ്ദേശ്യശുദ്ധിയിൽ സംശയം തോന്നുന്നതു സ്വാഭാവികമല്ലേ?

❖

# സ്ത്രീകൾ സാമൂഹ്യപുരോഗതിയുടെ വക്താക്കളാകണം

**കെ.എം. മാണി**

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് അൻപതുശതമാനം സീറ്റുകൾ സംവരണം ചെയ്തത് സ്വഗതാർഹമാണെന്നും ഈ അവസരത്തെ ക്രിയാത്മകമായി സ്ത്രീകൾ ഉപയോഗപ്പെടുത്തണമെന്നും കേരളാ കോൺഗ്രസ് (എം) ലീഡർ കെ.എം. മാണി എം.എൽ. എ ആവശ്യപ്പെട്ടു.

കേരളാ വനിതാ കോൺഗ്രസ് (എം) സംസ്ഥാന നേതൃയോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സ്ത്രീശാക്തീകരണത്തിന് ശക്തിപകരുന്ന തീരുമാനമാണ് 50 ശതമാനം സംവരണം. സാമൂഹ്യപുരോഗതിയുടെ വക്താക്കളായി സ്ത്രീകൾ നിലകൊള്ളണം. സാമൂഹ്യ സാംസ്കാരിക മേഖലകളിൽ തങ്ങളുടേതായ സ്ഥാനമുറപ്പിച്ച ഒട്ടനവധി വനിതകൾ ഉണ്ട്. അവർക്കെല്ലാം കൂടുതൽ പ്രവർത്തിക്കുവാനുള്ള വലിയ അവസരമാണ് ലഭ്യമാകാൻ പോകുന്നത്. കൂടാതെ സാമൂഹ്യപുരോഗതിയും ഈ തീരുമാനത്തിന്റെ ഫലമായി സംജാതമാകുമെന്നും കെ.എം. മാണി അഭിപ്രായപ്പെട്ടു.

കേരളാ വനിതാ കോൺഗ്രസ് (എം) സംസ്ഥാന പ്രസിഡണ്ട് മേരി സെബാസ്റ്റ്യൻ അധ്യക്ഷത വഹിച്ചു.

ഡോ.ലിസി ജോസ്, ശാന്തമ്മ വർഗീസ്, നിർമ്മല ജിമ്മി, അജിതാ സാബു, എൽസി രാജു, തോമസ് ഉണ്ണിയാടൻ എം.എൽ.എ, അറയ്ക്കൽ ബാലകൃഷ്ണപിള്ള, അഡ്വ. ടി.വി. ഏബ്രഹാം എന്നിവർ പ്രസംഗിച്ചു.




*കേരളാ വനിതാ കോൺഗ്രസ് (എം) സംസ്ഥാന നേതൃയോഗം കേരളാ കോൺഗ്രസ് ലീഡർ കെ.എം. മാണി എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു. സംസ്ഥാന പ്രസിഡണ്ട് മേരി സെബാസ്റ്റ്യൻ, ഡോ. ലിസി ജോസ്, ശാന്തമ്മ വർഗീസ്, നിർമ്മല ജിമ്മി, അജിതാ സാബു, അറയ്ക്കൽ ബാലകൃഷ്ണപിള്ള, അഡ്വ. ടി.വി. ഏബ്രഹാം, അഡ്വ. തോമസ് ഉണ്ണിയാടൻ എം.എൽ.എ എന്നിവർ സമീപം.*

രാഷ്ട്രീയകേരളം

സാബു ജോൺ

# മനുഷ്യച്ചങ്ങല എന്തിനു വേണ്ടി ?

ആസിയാൻ കരാറിനെതിരെ സിപിഎമ്മിന്റെ നേതൃത്വത്തിൽ മനുഷ്യച്ചങ്ങല തീർത്തുകൊണ്ട് പ്രതിഷേധസമരം അരങ്ങേറി. കേരളത്തിനു നെടുകെ തീർത്ത ചങ്ങലയിൽ പതിനായിരക്കണക്കിനാളുകളെ അണിനിരത്താൻ സിപിഎമ്മിനു കഴിഞ്ഞു എന്നത് സത്യമാണ്.

ആസിയാൻ കരാറിനോടു വിയോജിക്കുന്നതു സിപിഎം മാത്രമല്ല. മറ്റ് ഇടതുപാർട്ടികളും കടുത്ത എതിർപ്പാണ് പ്രകടിപ്പിച്ചിരിക്കുന്നത്. അവരും പല മാർഗത്തിൽ സമരരംഗത്തുണ്ട്. എന്തുകൊണ്ട് ഇടതുപാർട്ടികൾ യോജിച്ചു സമരത്തിനിറങ്ങുന്നില്ല എന്ന ചോദ്യം ഇവിടെ ന്യായമായും ഉയരുന്നു.

ആസിയാൻ കരാർ രാജ്യത്തെ സാധാരണക്കാർക്കും കൃഷിക്കാർക്കും മത്സ്യത്തൊഴിലാളികൾക്കുമൊക്കെ അങ്ങേയറ്റം ദോഷകരമാണെന്നാണല്ലോ സിപിഎം പറയുന്നത്. അതുകൊണ്ടാണല്ലോ കേന്ദ്രസർക്കാരിനെ താഴെയിറക്കാൻ വരെ ശ്രമിച്ചുകൊണ്ട് പിന്തുണ പിൻവലിച്ച ആണവകരാറിന്റെ കാര്യത്തിൽ സ്വീകരിച്ചതിനെക്കാൾ കടുത്ത പ്രതിഷേധമാർഗം ഈ പ്രശ്നത്തിൽ പാർട്ടി കൈക്കൊണ്ടത്. മനുഷ്യച്ചങ്ങല പോലെ ജനങ്ങളെ സംഘടിപ്പിക്കുന്ന സമരമാർഗമൊന്നും ആണവകരാർ പ്രശ്നത്തിൽ സിപിഎം സ്വീകരിച്ചിരുന്നില്ല.

കേന്ദ്രസർക്കാരിനെ പ്രതിരോധത്തിലാക്കാൻ ആത്മാർഥമായി ആഗ്രഹിക്കുന്നുണ്ടെങ്കിൽ പരമാവധി ജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ശക്തമായ സമരമാണ് വേണ്ടത്. അങ്ങനെയുള്ളപ്പോൾ ആസിയാൻ കരാറിനോട് എതിർപ്പുള്ള എല്ലാ പാർട്ടികളെയും, കുറഞ്ഞ പക്ഷം എല്ലാ ഇടതുപാർട്ടികളെയും ഒരുമിപ്പിച്ചു സമരം നടത്തുകയാണു ചെയ്യേണ്ടിയിരുന്നത്.

സിപിഎമ്മിന്റെ ആസിയാൻ കരാർ വിരുദ്ധ സമരത്തിന്റെ ഉദ്ദേശ്യശുദ്ധയിൽ സംശയം തോന്നുന്നതും ഇവിടെയാണ്. സിപിഎമ്മിനെ സംബന്ധിച്ചിടത്തോളം കേരളത്തിൽ അവരുടെ സ്ഥിതി അത്ര ആശാവഹമല്ല. പാർട്ടിയിലെ ഉൾപ്പോരും ഭരണത്തിലെ പിടിപ്പുകേടുകളും അവരെ രാഷ്ട്രീയമായി ദുർബലാവസ്ഥയിലെത്തിച്ചിരിക്കുകയാണ്. പാർലമെണ്ട് തെരഞ്ഞെടുപ്പിൽ ഇതു പ്രതിഫലിക്കുകയും ചെയ്തു. മാത്രമല്ല, ലാവ്‌ലിൻ പ്രശ്നമുൾപ്പെടെ ഉയർന്നു വരുന്ന വിഷയങ്ങളൊന്നും പാർട്ടിക്കു ഗുണകരമായതല്ല. ഈ സാഹചര്യത്തിൽ ജനശ്രദ്ധ തിരിച്ചുവിടാൻ പറ്റിയ വിഷയമെന്ന നിലയിൽ അവർ ആസിയാൻ കരാറിനെ ഒരു അവസരമാക്കി മാറ്റുകയാണ് യഥാർഥത്തിൽ ചെയ്തിരിക്കുന്നത്.

**ഏതു കരാറാണ് നമുക്ക് ഉത്പാദനക്ഷമത വർധിപ്പിക്കുന്നതിനു തടസമായത്? പ്രശ്നം മറ്റൊന്നുമല്ല. കാർഷികമേഖലയിൽ ശാസ്ത്രീയസമ്പ്രദായങ്ങൾ പരീക്ഷിക്കുന്നതിനോ മികച്ച വിത്തിനങ്ങൾ പുറത്തിറക്കാനോ ഒന്നും നമ്മൾ കാര്യമായി മെനക്കെട്ടിട്ടില്ല. ഫലമോ, കാർഷികരംഗം ഒന്നിനൊന്നു പിന്നോട്ടടിച്ചു കൊണ്ടിരിക്കുന്നു.**




**ആസിയാൻ കരാറിനോടു വിയോജിക്കുന്നതു സിപിഎം മാത്രമല്ല. മറ്റ് ഇടതുപാർട്ടികളും കടുത്ത എതിർപ്പാണ് പ്രകടിപ്പിച്ചിരിക്കുന്നത്. അവരും പല മാർഗത്തിൽ സമരരംഗത്തുണ്ട്. എന്തുകൊണ്ട് ഇടതുപാർട്ടികൾ യോജിച്ചു സമരത്തിനിറങ്ങുന്നില്ല എന്ന ചോദ്യം ഇവിടെ ന്യായമായും ഉയരുന്നു.**

## കരാറിനെക്കുറിച്ചു ചിന്തിക്കുമ്പോൾ

ഗാട്ടു കരാർ ഒപ്പിടുന്ന വേളയിൽ രാജ്യത്തെങ്ങും കടുത്ത പ്രതിഷേധമായിരുന്നു ഉയർന്നുവന്നത്. രാജ്യം അടിമത്തത്തിലേക്കു നീങ്ങുന്നു എന്നും സാമ്രാജ്യത്വ ശക്തികൾക്കു രാജ്യത്തെ തീറെഴുതി കൊടുത്തു എന്നും മുറവിളി ഉയർന്നു. ആസിയാൻ കരാറിനെതിരെ ഇപ്പോൾ ഉണ്ടായതിനെക്കാൾ എത്രയോ കടുത്ത പ്രതിഷേധമായിരുന്നു അന്നുണ്ടായത്.

ഗാട്ടുകരാറിൽ ഇന്ത്യ ഒപ്പുവച്ചിട്ട് ഏതാണ്ട് രണ്ടു പതിറ്റാണ്ടാകുന്നു. ഒരു കണക്കെടുപ്പിനുള്ള സമയമായെന്നു ചുരുക്കം. ഗാട്ടു കരാർ ഒപ്പിടുന്ന കാലഘട്ടത്തിൽ ഇന്ത്യയെ ഒരു സാമ്പത്തികശക്തിയായി ആരും പരിഗണിച്ചിരുന്നില്ല. വെറും ഒരു ദരിദ്ര രാജ്യം. എന്നാൽ ഇന്ന് ഇന്ത്യയെ ലോകത്തെ വൻശക്തികൾ ഭയപ്പാടോടെയാണ് നോക്കുന്നത്. സിഐഎയുടെ റിപ്പോർട്ടിൽ പോലും പറയുന്നത് 2025ൽ ഇന്ത്യ ലോകത്തിലെ രണ്ടാമത്തെ സാമ്പത്തികശക്തിയാകുമെന്നാണ്.

ഗാട്ടു കരാറിലൂടെ നമ്മുടെ സമ്പദ്ഘടന തുറന്നുകൊടുക്കുകയായിരുന്നു. എല്ലാ മേഖലകളിലും മത്സരമുണ്ടായി. അതുകൊണ്ട് രാജ്യത്തിനകത്തുള്ള നമ്മുടെ പൊതുമേഖലാസ്ഥാപനങ്ങൾ പോലും ബഹുരാഷ്ട കുത്തകകളോടും വൻകിട സ്ഥാപനങ്ങളോടും മത്സരിക്കാൻ കരുത്തു നേടുകയാണു ചെയ്തത്. വിദേശ മൂലധനം ധാരാളമായി രാജ്യത്തേക്കു വന്നു. സാങ്കേതികവിദ്യയിൽ വളർച്ച നേടി. ഗാട്ടു കരാറിൽ ഒപ്പിടുന്ന കാലത്ത് ഉയർന്നുകേട്ട പല ആശങ്കകളും ശരിയല്ലെന്നു കാലം തെളിയിച്ചു.

ഇപ്പോൾ ആസിയാൻ കരാറിൽ ഒപ്പിട്ടത് ആസിയാൻ രാജ്യങ്ങളുമായാണ്. മുതലാളിത്ത, സാമ്രാജ്യത്വ രാജ്യങ്ങളെന്നു വിളിക്കുന്നവരുമായല്ല കരാറിൽ ഏർപ്പെട്ടിരിക്കുന്നത്. ഇന്ത്യയെപ്പോലെയോ അത്ര തന്നെ വികസിതമല്ലാത്തതോ ആയ രാജ്യങ്ങളാണു കരാറിലുള്ളത്.

കരാർ പ്രാബല്യത്തിൽ വരുന്നതോടെ പല ഉത്പന്നങ്ങളുടെയും ഇറക്കുമതി ചുങ്കം കുറയ്ക്കാനോ ഇല്ലാതാക്കാനോ നമ്മൾ നിർബന്ധിതരാകും. ഇതോടെ നമ്മുടെ രാജ്യത്തേക്ക് പുറംരാജ്യത്തു നിന്ന് കുറഞ്ഞ വിലയ്ക്ക് ഉത്പന്നങ്ങൾ പ്രവഹിക്കും. നമ്മുടെ കാർഷികോത്പന്നങ്ങളുടെയും മത്സ്യ ഉത്പന്നങ്ങളുടെയും വില ഇടിയും.

നമ്മുടേതു പോലുള്ള മറ്റു രാജ്യങ്ങൾക്ക് എങ്ങനെ കുറഞ്ഞ വിലയ്ക്ക് ഉത്പന്നങ്ങൾ ഇവിടേക്ക് എത്തിക്കുവാൻ സാധിക്കുമെന്ന് നമ്മൾ ആലോചിക്കേണ്ടതല്ലേ. ഉയർന്ന ഉത്പാദനക്ഷമത തന്നെയാണ് അതിനു കാരണം. നമുക്ക് എന്തുകൊണ്ട് ഉത്പാദനക്ഷമത ഉയർത്താൻ സാധിക്കുന്നില്ല. അഭിമാനപൂർവം സംരക്ഷിക്കപ്പെടേണ്ടതായ നമ്മുടെ നാളികേരത്തിന്റെ സ്ഥിതി എന്താണ്? കഴിഞ്ഞ ഇരുപത്തഞ്ചു വർഷത്തിനിടയിൽ നാളികേരത്തിന്റെ ഉത്പാദനത്തിൽ വർധനയുണ്ടായോ? ഉത്പാദനക്ഷമതയിൽ ഉയർച്ചയുണ്ടായോ? ഇല്ല എന്നു തന്നെയാണ് ഉത്തരം.

ഏതു കരാറാണ് നമുക്ക് ഉത്പാദനക്ഷമത വർധിപ്പിക്കുന്നതിനു തടസമായത്? പ്രശ്നം മറ്റൊന്നുമല്ല. കാർഷികമേഖലയിൽ ശാസ്ത്രീയസമ്പ്രദായങ്ങൾ പരീക്ഷിക്കുന്നതിനോ മികച്ച വിത്തിനങ്ങൾ പുറത്തിറക്കാനോ ഒന്നും നമ്മൾ കാര്യമായി മെനക്കെട്ടിട്ടില്ല. ഫലമോ, കാർഷികരംഗം ഒന്നിനൊന്നു പിന്നോട്ടടിച്ചു കൊണ്ടിരിക്കുന്നു. കേന്ദ്രസർക്കാർ നയങ്ങളെ കുറ്റം പറഞ്ഞു നമ്മൾ കാലം കഴിക്കുന്നു. ഇതുകൊണ്ടു കാർഷിക മേഖല രക്ഷപ്പെടാൻ പോകുന്നില്ല.

ആസിയാൻ കരാർ സാധ്യതകളും തുറന്നു തരുന്നുണ്ട്. അതു മുതലാക്കാനുള്ള ശേഷി നമുക്കുണ്ടോ എന്നതാണു പ്രശ്നം. അല്ലെങ്കിൽ അതിനുള്ള ശേഷി ആർജിക്കാൻ നമ്മൾ തയാറാണോ എന്നതാണ് ചോദ്യം.

ആസിയാൻ രാജ്യങ്ങൾ ഒരുമിച്ചു നിന്നാൽ പല കാർഷികോത്പന്നങ്ങളുടെയും ഉത്പാദനത്തിൽ കുത്തകയുണ്ടാകും. ഉത്പാദകർ പരസ്പരം മത്സരിക്കാതെ ഒരുമിച്ചു നിന്നാൽ അന്താരാഷ്ട്ര വിപണിയിൽ വില നിശ്ചയിക്കാനുള്ള അവകാശം ഉത്പാദകർക്കു ലഭിക്കുകയാണു ചെയ്യുന്നത്. നമ്മുടേതുൾപ്പെടെയുള്ള കാർഷികോത്പന്നങ്ങൾക്ക് അന്താരാഷ്ട്രവിപണിയിൽ ഉയർന്ന വില ലഭിക്കാൻ അതു സഹായിക്കും. ഈയർഥത്തിൽ ആസിയാൻ കരാർ വികസിത മുതലാളിത്ത രാജ്യങ്ങളുടെ താത്പര്യത്തിനെതിരാണ്. ഇതിനെ മുതലാളിത്ത, സാമ്രാജ്യത്വ കരാർ എന്നു പറയുന്നവർ സ്വന്തം രാജ്യത്തിന്റെ ശക്തിയും സാധ്യതകളും തിരിച്ചറിയാത്തവരാണ്.

❖

## സ്മാർട്സിറ്റിയുടെ ഗതി എന്താകും?

ഒമ്പതു മാസത്തെ ഇടവേളയ്ക്കു ശേഷം സ്മാർട്സിറ്റിയുടെ ഡയറക്ടർ ബോർഡ് യോഗം ചേർന്നു. തർക്കത്തിനു കാരണമായ വിഷയങ്ങളിലൊന്നും തീരുമാനമാകാതെ യോഗം പിരിഞ്ഞു. ഇനി എന്നു യോഗം ചേരുമെന്ന് ഒരു നിശ്ചയവുമില്ല.

എൽ.ഡി.എഫ് സർക്കാരിന്റെ ഒന്നാം വാർഷികവേളയിലാണ് സ്മാർട്സിറ്റി കരാർ ഒപ്പിട്ടത്. സർക്കാരിന്റെ കാലാവധി അവസാനിക്കാൻ ഇനി ഒരു വർഷവും എട്ടു മാസവും മാത്രം. ഇതുവരെ സ്മാർട്സിറ്റി നിർമാണത്തിന് ഒരു കല്ലെടുത്തുവയ്ക്കാൻ പോലും കഴിഞ്ഞിട്ടില്ല!

സാമ്പത്തികമാന്ദ്യത്തെ തുടർന്ന് സ്മാർട്സിറ്റിക്കാർ പദ്ധതിക്കാര്യത്തിൽ മെല്ലെപ്പോക്ക് നയത്തിലാണെന്നാണ് ഭരണക്കാർ കുറെനാൾ പറഞ്ഞുനടന്നത്. എന്നാൽ കേരളത്തിൽ കരാർ ഒപ്പിടുന്നതിനു രണ്ടാഴ്ച മുമ്പു മാത്രം ഒപ്പിട്ട മാൾട്ടയിൽ സ്മാർട്സിറ്റിയുടെ നിർമാണം നല്ല നിലയിൽ പുരോഗമിക്കുകയാണത്രെ.

ആസിയാൻ കരാറിനെതിരെ മനുഷ്യച്ചങ്ങല വരെ തീർത്ത് വീറും വാശിയും കാട്ടുന്നവർ സ്വന്തം നിലയിൽ ചെയ്യേണ്ട ഇത്തരം കാര്യങ്ങളിൽ അതിന്റെ പകുതി വാശിയെങ്കിലും കാട്ടിയിരുന്നെങ്കിൽ കേരളത്തിന് അതിന്റെ ഗുണമുണ്ടാകുമായിരുന്നു.

CYAN MAGENTA YELLOW BLACK

കാഴ്ചവട്ടം

# തെന്നിമാറുന്ന ഡോക്ടർമാർ

പ്രൊഫ. മാടവന ബാലകൃഷ്ണപിള്ള

ഒരു കഥയോടെ ആരംഭിക്കട്ടെ. കഥയിലെ നായകൻ കുഞ്ഞാണ്ടിയാണ്. അയാൾ എന്നും മീനച്ചിലാറ്റിൽ ചൂണ്ടയിടാൻ പോകും. നല്ല വലിയ ഇരയാണ് അയാൾ ചൂണ്ടയിൽ കോർത്തിടുന്നത്. ഏതോ മാന്ത്രികവിദ്യയെന്ന വണ്ണം ഏതു മീനും കുഞ്ഞാണ്ടിയുടെ ചൂണ്ടയിൽ കുരുങ്ങും. ഫലത്തിൽ കുഞ്ഞാണ്ടിക്കാഹ്ലാദം. കൈനിറയെ കാശ്. വീട്ടിലും കള്ളുഷാപ്പിലും ആഹ്ലാദം തന്നെ. മറ്റു ചൂണ്ടയിടീലുകാർക്കൊക്കെ അസൂയ.

അങ്ങനെയിരിക്കെ കുഞ്ഞാണ്ടി പതിവുപോലെ ഒരു ദിവസം ആറ്റിൽ ചൂണ്ടയെറിഞ്ഞു. ഏറെ നേരം കാത്തിരുന്നിട്ടും ചൂണ്ടയിൽ ഒന്നും കൊത്തുന്നില്ല. മറിച്ചു മീനുകൾ ചൂണ്ടയുടെ ചുറ്റും വന്നുനിന്ന് ആഹ്ലാദത്തോടെ തത്തിക്കളിക്കുന്നുമുണ്ട്. തന്നെ നോക്കി, മീനുകൾ കൊഞ്ഞനം കുത്തുന്നതായി കുഞ്ഞാണ്ടിക്കു തോന്നി! 'നിന്റെ അവിഞ്ഞ ഒരു വിര'എന്നു പറഞ്ഞു കളിയാക്കുന്ന ഭാവം!




പാവം കുഞ്ഞാണ്ടി വശംകെട്ടു. എന്തേ തന്റെ ചൂണ്ടയിൽ ഇന്നു മീനുകൾ കൊത്താതിരിക്കുന്നത്? പലരുമായും ഇക്കാര്യം ചർച്ച ചെയ്തപ്പോഴാണ് കുഞ്ഞാണ്ടി കാര്യത്തിന്റെ ഗൗരവം മനസ്സിലാക്കിയത്. വലിയൊരു വിവാഹം. ബന്ധായതിനാൽ ഒരു ശതമാനം പേർക്കുപോലും വിവാഹത്തിൽ പങ്കെടുക്കാനായില്ല. മാംസാഹാരം വളരെയേറെ മിച്ചം വന്നു. മിച്ചം വന്നതെല്ലാം കൂടി മീനച്ചിലാറ്റിലൊഴുക്കുകയായിരുന്നു. ആറ്റിലെ മീനുകൾക്ക് ക്രിസ്മസാഘോഷം. മട്ടനും ചിക്കനും കൊണ്ടുള്ള ആറാട്ട്! അങ്ങനെ തിന്നും കുടിച്ചും മദിച്ചും കിടക്കുന്ന മീനുകളുടെ മുമ്പിലേക്ക് വെറും വിരകളുമായി കുഞ്ഞാണ്ടി ചെന്നാൽ? ഒരു മീനും കൊത്തില്ല. കുഞ്ഞാണ്ടിയെ പല്ലിളിച്ചു കാണിക്കുന്ന ദയനീയാവസ്ഥ!

കുഞ്ഞാണ്ടിചരിത്രം പറയാനെന്തേ കാരണമെന്നാകും? സത്യം പറഞ്ഞാൽ, സർക്കാരിന്റെ ഇന്നത്തെ നില കുഞ്ഞാണ്ടിയുടെ മട്ടിലാണ്. സർക്കാർ എത്ര നല്ല വിരകൾ ഇരയായി നല്കിയാലും ഡോക്ടർമാർ അതിൽ കൊത്തില്ല. കൊത്തിയവർ തന്നെ ചൂണ്ട പൊട്ടിച്ചു രക്ഷപെടാനാണ് ശ്രമിക്കുന്നതും. സർക്കാർ സർവീസിലേക്കു ഡോക്ടർമാർക്ക് നോട്ടമില്ല. ഡോക്ടർമാരുടെ ഭാഷയിൽ പറഞ്ഞാൽ, നക്കാപ്പിച്ച ഇര മാത്രം! മറിച്ച്, സ്വകാര്യ ആശുപത്രികളിലാകട്ടെ 'ബഡാ' ഇരയാണ്. അതിനാൽ 'സ്വകാര്യ മട്ടൻ ഇരയിൽ' കൊത്താനാണ് മലയാളി ഡോക്ടർമാർക്കു താത്പര്യം.

സർക്കാർ സർവീസിൽ നൂറുകണക്കിനു ഡോക്ടർമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു എന്നാണ് റിപ്പോർട്ട്. ഇന്റർവ്യൂ കഴിഞ്ഞു തെരഞ്ഞെടുക്കപ്പെട്ടാൽ പലരും ജോലിയിൽ പ്രവേശിക്കാൻ തയ്യാറാകുന്നില്ല. മെഡിക്കൽ കോളജുകളിൽ വരെ നിരവധി തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു. ചികിത്സിക്കാനും പഠിപ്പിക്കാനും ആളില്ലാത്ത അവസ്ഥ.

സർക്കാർ സർവീസിൽ കയറിപ്പറ്റിയവരുടെ നോട്ടം വിദേശ രാജ്യങ്ങളിലേക്കാണ്. അവധിയിൽ പോകാനാണ് അവർ ശ്രമിക്കുന്നതും. പെൻഷൻ കളയരുതല്ലോ? രാജിവച്ചാൽ പെൻഷൻ കിട്ടില്ലല്ലോ. സർക്കാർ സേവനം മൂർദ്ദാബാദ്! സ്വകാര്യ ആശുപത്രികളും വിദേശ സർവീസും സിന്ദാബാദ്! അപ്പോൾ സ്വദേശത്തുള്ള രോഗികളെ ആരു ചികിത്സിക്കും? ആരു ചികിത്സിച്ചാലും ചികിത്സിച്ചില്ലേലും ഡോക്ടർമാർക്കു പ്രശ്നമില്ല. ആരു ചത്താലും കെട്ടാലും കുഴപ്പമില്ല.

കാണപ്പെട്ട ദൈവങ്ങളായിട്ടാണ് ഡോക്ടർമാരെ ജനങ്ങൾ കണ്ടിരുന്നത്. വേദന വരുമ്പോൾ ദൈവമേ എന്നാണ് നാം വിളിക്കുക. ദൈവത്തിനു ജോലിത്തിരക്കായതിനാൽ ഡോക്ടർമാരിലൂടെയാണ് നമ്മുടെ വേദനകൾ മാറ്റിയിരുന്നതും. അതിനാൽ തന്നെ, രോഗി-ഡോക്ടർ ബന്ധം പാവനമായിരുന്നു. പരിശുദ്ധമായിരുന്നു, പണ്ടൊക്കെ രൂപ, അണ, പൈസയ്ക്കപ്പുറം മമതയുടെ, മനസ്സാക്ഷിയുടെ ഒരടുപ്പം ഡോക്ടർമാർക്കു രോഗികളോടുണ്ടായിരുന്നു. അതെല്ലാം ഇന്നു കുറഞ്ഞു വരികയാണ്. ഇല്ലാതാവുകയാണ്. പണത്തിന്റെ ശക്തിക്കു മുമ്പിൽ എല്ലാം തകരുകയായി.

> **സർക്കാർ സർവീസിൽ കയറിപ്പറ്റിയവരുടെ നോട്ടം വിദേശ രാജ്യങ്ങളിലേക്കാണ്. അവധിയിൽ പോകാനാണ് അവർ ശ്രമിക്കുന്നതും. പെൻഷൻ കളയരുതല്ലോ? രാജിവച്ചാൽ പെൻഷൻ കിട്ടില്ലല്ലോ. സർക്കാർ സേവനം മൂർദ്ധാബാദ്! സ്വകാര്യ ആശുപത്രികളും വിദേശ സർവീസും സിന്ദാബാദ്! അപ്പോൾ സ്വദേശത്തുള്ള രോഗികളെ ആരു ചികിത്സിക്കും! ആരു ചികിത്സിച്ചാലും ചികിത്സിച്ചില്ലേലും ഡോക്ടർമാർക്കു പ്രശ്നമില്ല. ആരു ചത്താലും കെട്ടാലും കുഴപ്പമില്ല.**

"വൈദ്യം പഠിക്കണം, ദ്രവ്യമുണ്ടാക്കിടാൻ" എന്ന സങ്കല്പം പണ്ടുമുണ്ടായിരുന്നു. പക്ഷേ, അന്നൊക്കെ ഒരു മനുഷ്യപ്പറ്റുള്ള നിലപാടായിരുന്നു ഡോക്ടർമാരുടേത്. ഇന്നതു മാറുന്നു. അതിനാലാണല്ലോ നേരം വല്ലാത്ത നേരങ്ങളിൽ "ചികിത്സാ ബന്ദുകൾ" ഡോക്ടർമാർ കണ്ണിൽ ചോരയില്ലാത്ത മട്ടിൽ പ്രഖ്യാപിക്കുന്നതും. പ്രൈവറ്റ് പ്രാക്ടീസിന്റെ പേരിൽ, ശമ്പള വർധനയുടെ പേരിൽ, ഇൻക്രിമെന്റിന്റെയും ക്ഷാമബത്തയുടെയും പേരിൽ. ചുരുക്കത്തിൽ നാണയത്തിന്റെ കിലുകിലാരവത്തിൽ, അല്ല, നോട്ടുകെട്ടുകളുടെ വെള്ളിവെളിച്ചത്തിൽ ഡോക്ടർമാർ രോഗികളെ മറക്കുകയാണ്. സാമൂഹ്യബോധം ഇല്ലാതാവുകയാണ്. രോഗീ-ഡോക്ടർ ബന്ധം തകരുകയാണ്.

ഈ നില തുടർന്നാൽ കാട്ടുനീതി. അതുണ്ടാകാൻ പാടില്ല. ലക്ഷക്കണക്കിനു രൂപ സർക്കാർ ചെലവഴിച്ചാണ് ഒരാളെ കേരളത്തിൽ ഡോക്ടറായി പുറത്തിറക്കുന്നത്. പ്രത്യേകിച്ചും സർക്കാർ മെഡിക്കൽ കോളജുകൾ വഴി പുറത്തിറങ്ങുന്നവർ. സർക്കാർ റേറ്റിലുള്ള ഫീസ് കൊടുത്തു സ്വാശ്രയ മെഡിക്കൽ കോളജുകളിൽ പഠിക്കുന്നവരും ഈ ഗണത്തിൽപെട്ടവരാണ്. ഇവർക്കു സമൂഹത്തോടുള്ള കടപ്പാട് മറക്കാൻ പാടില്ലാത്തതാണ്. മറന്നാൽ, അതുറപ്പാക്കാനുള്ള നിയമനടപടികൾ സർക്കാർ എടുക്കുക തന്നെ വേണം.

സർക്കാർ ഖജനാവിൽ നിന്നുള്ള പണത്തിന്റെ ബലത്തിൽ പഠിച്ചു പുറത്തിറങ്ങിയാൽ ഒരു നിശ്ചിതകാലം കേരളത്തിലെ സർക്കാർ ആശുപത്രികളിൽ സേവനം നടത്തുവാനുള്ള നിർബന്ധിത നിയമം അനിവാര്യമാണ്. പൊതുജനങ്ങളെ വെല്ലുവിളിക്കുവാൻ ഡോക്ടർമാരെ അനുവദിച്ചുകൂടാത്തതാണ്. മെഡിക്കൽ കോളജുകളിലെ ഫീസ് വർധിപ്പിച്ചിട്ടെത്രകാലമായി? അഥവാ, പത്തുരൂപ വർധിപ്പിച്ചാൽ ഡോക്ടർ കുഞ്ഞുങ്ങൾ സമരം ചെയ്യും. ഈ ഡോക്ടർ കുഞ്ഞുങ്ങൾ അന്യരല്ല. എന്റെയും നിങ്ങളുടെയും മക്കളാണ്. ആ നിലയിൽ തന്നെ അവരെ മെരുക്കി ഒരുക്കുവാൻ സർക്കാർ തയ്യാറാകണം. അതിനായുള്ള കർശന നിയമമുണ്ടാക്കാൻ മന്ത്രി ശ്രീമതിയല്ല, മറ്റേതു ശ്രീമാൻ ശ്രമിച്ചാലും ജനങ്ങൾ ഒപ്പമുണ്ടാകും, തീർച്ച.

❖

## അറിയേണ്ടും കാര്യങ്ങൾ

### ഇറാഖിൽ ഗ്വാണ്ടനാമോയെ വെല്ലുന്ന തടവറ; ക്യാമ്പ് ബുക്കാ

അന്താരാഷ്ട്രതലത്തിൽ നിരവധി മനുഷ്യാവകാശസംഘടനകളുടെയും ലോകരാഷ്ട്രങ്ങളുടെയും പ്രതിഷേധവും സമ്മർദവും ശക്തമായതിനെത്തുടർന്നാണ് യു.എസ്.ഭരണകൂടം ഗ്വാണ്ടനാമോയിലെ വിവാദതടവറ അടച്ചുപൂട്ടിയത്. ബറാക് ഒബാമ പ്രസിഡണ്ട് പദമേറ്റെടുത്തു നൂറുദിവസത്തിനുള്ളിൽ സ്വീകരിച്ച നടപടികളിൽ ലോകശ്രദ്ധ ഏറെ നേടിയ ഒന്നുമായിരുന്നു അത്.



*ക്യാമ്പ് ബുക്കാ*

എന്നാൽ വിസ്തൃതിയിലും തടവുകാരുടെ എണ്ണത്തിലും ഗ്വാണ്ടനാമോയെക്കാൾ പതിന്മടങ്ങുവരുന്ന മൂന്നു തടവറകൾ കൂടി അമേരിക്കൻ സൈന്യത്തിന് ഇറാഖിൽ ഉണ്ട്. അതിലൊന്നായ ക്യാമ്പ് ബുക്കാ ഇപ്പോൾ അടച്ചുപൂട്ടിയിരിക്കുന്നു. ഇറാഖ് കുവൈത്ത് അതിർത്തിയോടു ചേർന്നുള്ള മരുഭൂപ്രദേശത്താണ് ക്യാബ് ബുക്കാ. ഇവിടത്തെ കുറഞ്ഞ താപനില 48 ഡിഗ്രി സെൽഷ്യസാണ്.

ബാഗ്ദാദിനു സമീപമുള്ള കോപ്പർ, ടാജി എന്നിവയാണ് മറ്റു രണ്ടു തടവറകൾ. ഇവ 2010 ഓടുകൂടി ഇറാഖി ഭരണകൂടത്തിന് കൈമാറും. നിലവിൽ ഇരുക്യാമ്പുകളിലുമായി എണ്ണായിരത്തോളം തടവുകാരാണുള്ളത്. ആദ്യം അടച്ചുപൂട്ടിയ ഗ്വാണ്ടനാമോ തടവറയിലുണ്ടായിരുന്നത് 245 തടവുകാരായിരുന്നു!



*കോപ്പർ തടവറ*

ഇറാഖിൽ നിന്നുള്ള യു.എസിന്റെയും സഖ്യകക്ഷികളുടെയും പിന്മാറ്റ പ്രക്രിയയുടെ ഭാഗമാണ് ക്യാമ്പ് ബുക്കായുടെ അടച്ചുപൂട്ടൽ. 22,000 തടവുകാരെ വരെ ഇവിടെ പാർപ്പിച്ചിരുന്നു.

2003ൽ ഇറാഖിനുമേലുള്ള സൈനികനടപടി ആരംഭിച്ചതു മുതൽ ഒരു ലക്ഷത്തിലധികം പേരെ അമേരിക്കൻ സഖ്യസേന തടവിലാക്കിയിട്ടുണ്ട്. ഇവരിൽ ഭൂരിപക്ഷവും ക്യാമ്പ് ബുക്കായിൽ കഴിഞ്ഞവരാണ്. ക്യാമ്പ് ബുക്കാ ഒരു ചെറുനഗരംപോലെയാണ്. ഹൗസിംഗ് കോളനിയുടെ മാതൃക. ചുറ്റിലും നിരീക്ഷണഗോപുരങ്ങൾ. ❖ ❖ ❖

CYAN MAGENTA YELLOW BLACK